Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

02.03.2026

## ജൂബിലിയിൽ ഹൈ പ്രിസിഷൻ

## സർജിക്കൽ മൈക്രോസ്കോപ് സ്ഥാപിച്ചു

ജൂബിലി മിഷൻ ആശുപത്രിയിൽ അത്യാധുനിക സാങ്കേതികവിദ്യയോടുകൂടിയ ഹൈ പ്രിസിഷൻ സർജിക്കൽ മൈക്രോസ്കോപ് സ്ഥാപിച്ചു. സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് പുതിയ ഉപകരണം പ്രവർത്തനസജ്ജമാക്കിയത്. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ആശീർവാദ ചടങ്ങിന് നേതൃത്വം നൽകി. സർജിക്കൽ ഓങ്കോളജിസ്റ്റും സിനിമാ കലാകാരനുമായ ഡോ. ശ്രീകുമാർ പിള്ളയും, സീനിയർ സ്കൾ ബേസ് സർജനും സിനിമാ കലാകാരനുമായ ഡോ രാജേഷ് രാജ് ജോർജും ചേർന്ന് സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ന്യൂറോ സർജറി, ഇ.എൻ.ടി., ഓങ്കോളജി തുടങ്ങിയ വിഭാഗങ്ങളിലെ സൂക്ഷ്മ ശസ്ത്രക്രിയകൾ കൂടുതൽ കൃത്യതയോടെ സുരക്ഷിതമായി നിർവ്വഹിക്കാൻ ഈ മൈക്രോസ്കോപ് സഹായകരമാകും. രോഗികൾക്ക് മികച്ച ചികിത്സാഫലങ്ങളും കുറഞ്ഞ ശസ്ത്രക്രിയ അപകടസാധ്യതയും ഉറപ്പാക്കുന്നതിൽ പുതിയ ഉപകരണം നിർണായകമായിമാറും. 'സ്നേഹത്തോടെയുള്ള സേവനം' - എന്ന ദൗത്യവുമായി മുന്നേറുന്ന ജൂബിലി മിഷൻ ആധുനിക ചികിത്സാസൗകര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ പ്രതിബദ്ധമാണെന്ന് അധികൃതർ അറിയിച്ചു.